## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിലെ ആറ്റിൻപുറം യു.പി സ്കൂളിൽ പാർട്ട് ടൈം സ്വീപ്പറായി ജോലി ചെയ്തിരുന്ന ശ്രീമതി. സി. കുഞ്ഞുലക്ഷ്മി പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് നൽകിയിരുന്ന വേതനം അനുവദിച്ചു നൽകണമെന്നാവശ്യപ്പെട്ട് ബഹു.ഹൈക്കോടതിയിൽ സമർപ്പിച്ച WP(C) 25559/04-ാം നമ്പർ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സഉ(സാധാ)നം 161/2015/ തസ്വഭവ തീയതി, തിരുവനന്തപുരം, 19/01/2015

---

പരാമർശം : 1) WP(C) 25559/04-ാം നമ്പർ കേസ്സിൽ ബഹു.ഹൈക്കോടതിയുടെ 01/10/2014 ലെ വിധിന്യായം.

2) ഹിയറിംഗ് ഓഫീസർ മുമ്പാകെയുള്ള ശ്രീമതി. സി. കുഞ്ഞുലക്ഷ്മിയുടെ 16/12/2014 ലെ മൊഴി.

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ ഉണ്ടായിരുന്നതും തുടർന്ന് 1976 ൽ രൂപീകൃതമായ പനവൂർ ഗ്രാമപഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നതുമായ ആറ്റിൻപുറം യു.പി സ്കൂളിൽ 10/03/1963 മുതൽ പാർട്ട് ടൈം സ്വീപ്പറായി ജോലി ചെയ്തിരുന്ന ശ്രീമതി.സി.കുഞ്ഞുലക്ഷ്മിയ്ക്ക് 1982 മുതൽ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് നൽകിയിരുന്ന വേതനം അനുവദിച്ചു നൽകണമെന്നാവശ്യപ്പെട്ട് ഫയൽ ചെയ്ത WP(C) 25559/04-ാം നമ്പർ കേസ്സിൽ ഒന്നാം എതിർ കക്ഷിയായ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയോട് പരാതിക്കാരിയേയും മറ്റുള്ളവരേയും നേരിൽ കേട്ട് മൂന്നു മാസങ്ങൾക്കുള്ളിൽ തീരുമാനമെടുക്കാൻ പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു.

മേൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയ്ക്കുവേണ്ടി അണ്ടർ സെക്രട്ടറി 16/12/2014 ന് പരാതിക്കാരിയായ ശ്രീമതി. കുഞ്ഞുലക്ഷ്മിയേയും ഗ്രാമപഞ്ചായത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും നേരിൽ കേട്ടിരുന്നു. ഹിയറിംഗ് സമയത്ത് ശ്രീമതി. സി. കുഞ്ഞുലക്ഷ്മി നൽകിയ മൊഴിയിൽ ടിയാൾ 1963 മുതൽ ആനാട് ഗ്രാമപഞ്ചായത്തിന്റെ കീഴിൽ ആയിരുന്ന ആറ്റിൻപുറം യു.പി സ്കൂളിൽ പാർട്ട് ടൈം സ്വീപ്പറായി ജോലിയിൽ പ്രവേശിച്ചിട്ടുള്ളതും തുടർന്ന് ടി സ്കൂൾ 1976 ൽ രൂപീകൃതമായ പനവൂർ

ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ തുടക്കത്തിൽ 6/- രൂപ 15/- രൂപയും 1976 മുതൽ 32/- രൂപയും 2005 മാർച്ച് മുതൽ ബഹു.കേരള ഹൈക്കോടതിയുടെ വിധിന്യായ പ്രകാരം ജൂലൈ 2014 വരെ 1250/- രൂപയും ശമ്പളം നൽകിയിരുന്നുവെന്നും ഇപ്പോൾ 72 വയസ്സ് പ്രായമുണ്ടെന്നും മറ്റ് ജീവിത വരുമാനമൊന്നും ഇല്ലാത്ത ശ്രീമതി. സി. കുഞ്ഞുലക്ഷ്മിയുടെ ഭർത്താവ് മൂന്നുവർഷങ്ങൾക്ക് മുമ്പ് മരണപ്പെട്ടെന്നും കൂലിപ്പണിക്കാരായ അഞ്ച് മക്കളുടെ മാതാവും ഭർത്താവ് ഉപേക്ഷിച്ച മകളുടെ സംരക്ഷണവും ശ്രീമതി. സി. കുഞ്ഞുലക്ഷ്മിയ്ക്കാണെന്നും ആയതിനാൽ തനിക്ക് ലഭിക്കാനുള്ള ശമ്പളക്കുടിശികയും പെൻഷൻ ആനുകൂല്യങ്ങളും നൽകി സഹായിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.

ഹിയറിംഗ് സമയം ടിയാൾ നൽകിയ മൊഴി പ്രകാരം ശ്രീമതി. സി. കുഞ്ഞുലക്ഷ്മിയ്ക്ക് ആകെ ഉണ്ടായിരുന്ന 30 സെന്റ് സ്ഥലത്തിൽ നിന്നും ആറ്റിൻപുറം സ്കൂളിനായി രണ്ട് പ്രാവശ്യമായി 12 സെന്റ് സ്ഥലം സൗജന്യമായി വിട്ടു നൽകിയിട്ടുണ്ടെന്ന് അറിയിച്ചു.

സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളുടെ കീഴിലുള്ള സ്കൂളുകളെല്ലാം തന്നെ ഇപ്പോൾ സർക്കാർ ഏറ്റെടുത്തു കഴിഞ്ഞു. കൂടാതെ മുമ്പുണ്ടായിരുന്ന പഞ്ചായത്ത് മാനേജ്മെന്റ് സ്കൂളുകൾ ഇപ്പോൾ ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളാണ്. ശമ്പളവും മറ്റ് അലവൻസുകളും സർക്കാരാണ് നൽകിയിരുന്നത്. ആയതിനാൽ ശ്രീമതി. സി. കുഞ്ഞുലക്ഷ്മിയ്ക്ക് ശമ്പളക്കുടിശ്ശികയും പെൻഷൻ ആനുകൂല്യങ്ങളും നൽകുന്നത് സംബന്ധിച്ച് പരിശോധിച്ച് തീരുമാനമെടുക്കേണ്ടത് ഇവരുടെ പെൻഷൻ അനുവദിക്കുന്നതിന് ചുമതലപ്പെട്ട തിരുവനന്തപുരം വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ആണെന്നിരിക്കെ ഈ കേസ്സിൽ ഒന്നാം പ്രതിയായി തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയെ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1963 മുതൽ ആറ്റിൻപുറം യു.പി സ്കൂളിൽ പാർട്ട് ടൈം സ്വീപ്പറായി ജോലിനോക്കിയിരുന്ന ശ്രീമതി. സി. കുഞ്ഞുലക്ഷ്മി 72 വയസ്സ് പ്രായമുള്ള വൃദ്ധയും പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നയാളാണെന്നതും ആകെ ഉണ്ടായിരുന്ന 30 സെന്റ് സ്ഥലത്തിൽ നിന്നും 12 സെന്റ് സ്ഥലം പ്രസ്തുത സ്കൂളിന് സൗജന്യമായി വിട്ടു നൽകിയെന്നതും കണക്കിലെടുത്ത് മാനുഷിക പരിഗണന നൽകി ടിയാൾക്ക് അർഹതപ്പെട്ട ശമ്പളക്കുടിശ്ശികയും പെൻഷൻ ആനുകൂല്യങ്ങളും നിയമാനുസൃതം പരിശോധിച്ച് സമയബന്ധിതമായി നൽകാൻ പൊതുവിദ്യാഭ്യാസ വകുപ്പിനോട് അഭ്യർത്ഥിച്ച് തീരുമാനിച്ച് ശ്രീമതി. സി. കുഞ്ഞുലക്ഷ്മി ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 25559/04-(P):ാം നമ്പർ കേസ്സിൻമേൽ പുറപ്പെടുവിച്ചിട്ടുള്ള 01/10/2014 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബഹു.കേരള ഹൈക്കോടതിയുടെ 01/10/2014 ലെ വിധിന്യായം ഇപ്രകാരം പാലിക്കപ്പെട്ടിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

സെൽവരാജൻ എൽ

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ , പൊതുവിദ്യാഭ്യാസ വകുപ്പ് ,തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ വകുപ്പ്

ശ്രീമതി. സി. കുഞ്ഞുലക്ഷ്മി , (പനവൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ,ഐ.കെ.എം (തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ